"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഡൽഹിയിൽ വച്ച് നടന്ന സ്വച്ഛ് സർവ്വേക്ഷൻ 2023 അവാർഡ് വിതരണ ചടങ്ങിൽ തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ.എം കെ വർഗ്ഗീസ് പങ്കെടുത്തതിന് കാര്യോത്തരാനുമതി നൽകിയും യാത്രാചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1571/2025/LSGD    തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-

1. മിനിസ്ട്രി ഓഫ് ഹൌസിംഗ് ആൻ്റ് അർബൻ അഫയേഴ്സ്, ഗവൺമെൻ്റ് ഓഫ് ഇന്ത്യയുടെ 07.01.2024-ലെ കത്ത്
2. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ.എം കെ വർഗ്ഗീസ് സമർപ്പിച്ച 03.06.2025 -ലെ PH4/58884/21 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മിനിസ്ട്രി ഓഫ് ഹൌസിംഗ് ആൻ്റ് അർബൻ അഫയേഴ്സ്, ഗവൺമെൻ്റ് ഓഫ് ഇന്ത്യയുടെ ക്ഷണമനുസരിച്ച് ന്യൂഡൽഹിയിൽ വച്ച് 11/01/2024-ൽ നടന്ന സ്വച്ഛ് സർവ്വേക്ഷൻ അവാർഡ്-2023 പരിപാടിയിൽ തൃശ്ശൂർ കോർപ്പറേഷൻ മേയർ പങ്കെടുത്തിട്ടുള്ളതാണ് എന്നും, എന്നാൽ ഈ യാത്രയ്ക്ക് സർക്കാരിന്റെ യാത്രാനുമതി ലഭിച്ചിരുന്നില്ല എന്നും, ആയതിനാൽ ഡൽഹിയിൽ വച്ച് നടന്ന സ്വച്ഛ് സർവ്വേക്ഷൻ അവാർഡ് ദാന ചടങ്ങിൽ 2024 ജനുവരി 10, 11 തീയതികളിൽ പങ്കെടുത്തതിന്റെ യാത്രാനുമതിയും യാത്രാചെലവ് 21,146/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അംഗീകാരവും നൽകണമെന്ന് പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂഡൽഹിയിൽ വച്ച് 11/01/2024-ൽ നടന്ന സ്വച്ഛ് സർവ്വേക്ഷൻ അവാർഡ്-2023 പരിപാടിയിൽ തൃശ്ശൂർ കോർപ്പറേഷൻ മേയർ പങ്കെടുത്തതിന് കാര്യോത്തരാനുമതി നൽകിയും യാത്രാചെലവ് 21,146/- രൂപ (ഇരുപത്തൊന്നായിരത്തി നൂറ്റി നാല്പത്തിയാറ് രൂപ മാത്രം) കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ശ്രീ. എം കെ വർഗ്ഗീസ്, മേയർ, തൃശ്ശൂർ കോർപ്പറേഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് )കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ,ഐ & പി ആർ ഡി,തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 23-06-2025 20:36:35
സെക്ഷൻ ഓഫീസർ